**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4080** **15-07-2022 - ൽ മറുപടിയ്ക്ക്**

**കാസർഗോഡ് എക്സൈസ് കോംപ്ലക്സ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എൻ എ നെല്ലിക്കുന്ന് | | ശ്രീ. എം.വി.ഗോവിന്ദൻ മാസ്റ്റർ (തദ്ദേശ സ്വയംഭരണ, ഗ്രാമവികസനം, എക്സൈസ് വകുപ്പ് മന്ത്രി) | |
| (എ) | കാസർഗോഡ് എക്സൈസ് കോംപ്ലക്സ് നിർമ്മിക്കാൻ പദ്ധതിയുണ്ടോ എന്ന് വ്യക്തമാക്കാമോ; | (എ) | ഉണ്ട്. |
| (ബി) | എങ്കിൽ പ്രസ്തുത കോംപ്ലക്സ് എവിടെയാണ് നിർമ്മിക്കുന്നതെന്നും ഭൂമിയുടെ ഉടമസ്ഥാവകാശം ആർക്കാണെന്നും അറിയിക്കാമോ; | (ബി) | കാസർഗോഡ് താലൂക്കിൽ കാസർഗോഡ് വില്ലേജിൽ പഴയ പ്രൈവറ്റ് ബസ് സ്റ്റാന്റിനു സമീപം പുലിക്കുന്ന് എന്ന സ്ഥലത്തുള്ള എക്സൈസ് വകുപ്പിന്റെ അധീനതയിലുള്ള 50 സെന്റ് സ്ഥലത്താണ് പ്രസ്തുത കോംപ്ലക്സ് നിർമ്മിക്കുന്നത്. |
| (സി) | പ്രസ്തുത പ്രവൃത്തിക്ക് ഭരണാനുമതി ലഭിച്ചിട്ടുണ്ടോയെന്നും എങ്കിൽ എപ്പോഴാണ് ഭരണാനുമതി ലഭിച്ചതെന്നും ഭരണാനുമതി തുക എത്രയാണെന്നും വ്യക്തമാക്കാമോ; | (സി) | 12/03/2020 തീയതിയിലെ സ.ഉ.(സാധാ)നമ്പർ. 205/2020/നിവ. പ്രകാരം 5.2 കോടി രൂപ ചെലവിൽ ടവർ നിർമ്മിക്കുന്നതിന് ഭരണാനുമതി നൽകിയിട്ടുണ്ട്. |
| (ഡി) | പ്രസ്തുത പ്രവൃത്തി ടെണ്ടർ ചെയ്തിട്ടുണ്ടോയെന്നും എങ്കിൽ എപ്പോഴാണ് ടെണ്ടർ ചെയ്തതെന്നും പ്രവൃത്തി ഏറ്റെടുത്ത കരാറുകാരൻ ആരാണെന്നും വ്യക്തമാക്കാമോ; | (ഡി) | പ്രസ്തുത എക്സൈസ് കോംപ്ലക്സ് നിർമ്മിക്കുന്നതിനായി, സോയിൽ ടെസ്റ്റ് പൂർത്തിയായിട്ടുള്ളതും, ടെണ്ടർ ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നതുമാണ്. |
| (ഇ) | കാസർഗോഡ് എക്സൈസ് കോംപ്ലക്സ് എപ്പോൾ യാഥാർത്ഥ്യമാകുമെന്ന് വ്യക്തമാക്കാമോ? | (ഇ) | ടെണ്ടർ നടപടികൾ പൂർത്തിയായതിന് ശേഷം പ്രസ്തുത എക്സൈസ് കോംപ്ലക്സിന്റെ നിർമ്മാണ പ്രവർത്തികൾ ആരംഭിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ